# മെട്രോ വാർത്ത

**15 September 2017**





ട്യൂണ പിള്ള ഫിഷർഫോക്ക് വെൽഫെയറിന്റെ വിദ്യാഭ്യാസ ധനസഹായം പദ്മജ പിള്ളയിൽ നിന്ന് മായ കാർത്തികേയൻ ഏറ്റുവാങ്ങുന്നു. മത്സ്യത്തൊഴിലാളി ദമ്പതികളായ കെ.വി. കാർത്തികേയൻ ഭാര്യ കെ.സി. രേഖ എന്നിവർ സമീപം.

# വിദ്യാഭ്യാസ ധനസഹായം നൽകി

കൊച്ചി: കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) മുൻ ശാസ്ത്രജ്ഞനായിരുന്ന പരേതനായ ഡോ. പി.പി. പിള്ളയുടെ പേരിലുള്ള ട്യൂണ പിള്ള ഫിഷർഫോക്ക് വെൽഫെയർ മത്സ്യത്തൊഴിലാളി കുടുംബത്തിനുള്ള വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ ചെലവിനാണ് ധനസഹായം. തൃശൂർ ചേറ്റുവയിലെ മത്സ്യത്തൊഴിലാളി ദമ്പതികളായ കെ.വി. കാർത്തികേയന്റെയും ഭാര്യ കെ.സി. രേഖയുടെയും മകൾ മായ കാർത്തികേയനാണ് ഈ വർഷത്തെ ധനസഹായത്തിന് അർഹത നേടിയത്. പാലൂർ എഐൽഎച്ച്എസിൽ പ്ലസ്ടു വിദ്യാർഥിനിയാണ് മായ.

സിഎംഎഫ്ആർഐയിൽ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗം തലവൻ ഡോ. ആർ. നാരായണകുമാർ അധ്യക്ഷനായ അഞ്ചംഗ സമിതിയാണ് മായ കാർത്തികേയനെ തെരഞ്ഞെടുത്തത്.

ഇന്ത്യയിലെ പ്രഥമ മത്സ്യത്തൊഴിലാളികളായ കാർത്തികേയനേയും രേഖയെയും നേരത്തെ സിഎംഎഫ്ആർഐ ആദരിച്ചിരുന്നു.

മത്സ്യത്തൊഴിലാളി സമൂഹത്തിൽ സ്ത്രീശാക്തീകരണം യാഥാർഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷം മുതലാണ് ട്യൂണ പിള്ള ഫിഷർഫോക്ക് വെൽഫെയർ മത്സ്യത്തൊഴിലാളി സമൂഹത്തിലെ പെൺകുട്ടികൾക്ക് ഒരു ലക്ഷം രൂപ വിദ്യാഭ്യാസ ധനസഹായം ഏർപ്പെടുത്തിയത്.

സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ ഡോ പി.പി. പിള്ളയുടെ ഭാര്യ പദ്മജ പിള്ള തുക കൈമാറി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ, ആശ പി. പിള്ള, സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി.ആർ. സത്യവതി, ഡോ. ആർ. നാരായണകുമാർ, ഡോ. ഷോജി ജോസഫ് എന്നിവർ സംസാരിച്ചു.